# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **08.02.2016-ൽ മറുപടിക്ക്**

**ചോദ്യം നം: 241**

## കൊലപാതക കേസ്സുകളിലെ പ്രതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.എം. ആരിഫ്** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂരിൽ ശ്രീ. ഹനീഫ്, മധു ഈച്ചരത്, ലാൽജി എന്നിവർ കൊല ചെയ്യപ്പെട്ടതിലെ പ്രതികൾ ആരൊക്കെയാണ്; ഇവരുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാമോ; കൊല ചെയ്യപ്പെട്ട മൂന്നു പേരുടെ വീടുകളിൽ മരണത്തിനു ശേഷം എത്ര മന്ത്രിമാർ സന്ദർശിച്ചു; വിശദമാക്കാമോ; | (എ) തൃശ്ശൂരിൽ ശ്രീ. ഹനീഫ്, മധുഈച്ചരത്, ലാൽജി എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ശ്രീ. ഹനീഫിന്റെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ ക്രൈം നം. 1264/15ലെ പ്രതികൾ:<br>(1) ഷെമീർ, S/o. ഉബൈത്<br>(2) അൻസാർ, S/o. ഹനീഫ<br>(3) അഫ്സൽ, S/o. നൂറുദ്ദീൻ<br>(4) ഷംസീർ, S/o. ഷാഹു<br>(5) റിൻഷാദ്, S/o. റസാഖ്<br>(6) ഫസലു @ ഫസലുദ്ദീൻ, S/o. സെയ്ദ് മുഹമ്മദ്<br>(7) സിദ്ധീഖ്, S/o. അബ്ദുള്ളകുട്ടി<br>(8) സൈനുൽ അബിദ് @ അബിദ്, S/o. സൈനുദ്ദീൻ.<br>പ്രതികളെല്ലാവരും കോൺഗ്രസ് അനുഭാവികളാണ്.<br><br>ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കെ. ബാബു, ശ്രീ. എം.കെ. മുനീർ, ശ്രീ. കെ.സി. ജോസഫ് എന്നീ മന്ത്രിമാരാണ് കൊലചെയ്യപ്പെട്ട ഹനീഫയുടെ വീട് സന്ദർശിച്ചിട്ടുള്ളത്.<br><br>2) മധു ഈച്ചരത്തിന്റെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസായ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 771/13ലെ പ്രതികൾ:<br>(1) പ്രേംജി, S/o. ജോർജ്ജ് |

(2) മാർട്ടിൻ, S/o. പൊറിഞ്ചു
(3) ഷിനോജ്, S/o. ജോഷി
(4) പ്രവീൺ, S/o. പരമേശ്വരൻ
(5) പ്രജിത്ത്, S/o. പ്രഭാകരൻ
(6) സുരേഷ്, S/o. സുബ്രഹ്മണ്യൻ
(7) സന്ദീപ്, S/o. ഗോപി.

പ്രസ്തുത കേസിലെ ഒന്നും നാലും പ്രതികൾ കോൺഗ്രസിന്റെ സജീവ പ്രവർത്തകരും മറ്റ് പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ സംഘടനയുമായി ബന്ധമില്ലെന്നും അന്വേഷണത്തിൽ അറിവായിട്ടുണ്ട്.

ബഹു: കേരള സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണൻ മധു ഈച്ചരത്തിന്റെ കൊലപാതകത്തിന് ശേഷം ഒരു പ്രാവശ്യം മധു ഈച്ചരത്തിന്റെ വീട് സന്ദർശിച്ചിട്ടുണ്ട്.

3) ലാൽജിയുടെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ ക്രൈം നം. വെസ്റ്റ് പോലീസ് സ്റ്റേഷൻ 1180/2013ലെ പ്രതികൾ :

(1) വൈശാഖ്, S/o. മാണിക്കുട്ടി
(2) റിജേഷ്, S/o. അശോകൻ
(3) പ്രശാന്ത്, S/o. കുഞ്ഞുകുട്ടൻ
(4) സതീശൻ @ നടത്തറ സതീശൻ, S/o. രാമു
(5) അനൂപ്, S/o. രാജൻ
(6) രവി @ ബണ്ണരവി, S/o. ഗോവിന്ദൻകുട്ടി
(7) രാജേഷ്, S/o. ഗോപാലകൃഷ്ണൻ
(8) രാജേന്ദ്രൻ, S/o. വേലായുധൻ
(9) സജീഷ്, S/o. വിജയൻ
(10) ജോമോൻ, S/o. ജോണി.

ടി കൊലപാതക കേസിലെ പ്രതികൾക്ക് രാഷ്ട്രീയ ബന്ധം ഉള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്.

(ബി) നിലമ്പൂർ കോൺഗ്രസ്സ് ബ്ലോക്ക് കമ്മിറ്റി ഓഫീസിൽ രാധ എന്ന സ്ത്രീ കൊല ചെയ്യപ്പെട്ടതിലെ പ്രതികൾ ആരൊക്കെയാണ്; ഇവരുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാമോ; കൊലചെയ്യപ്പെട്ട സ്ത്രീയുടെ സഹോദരൻ ഭാസ്കരൻ ഈ കൊലപാതകം C.B.Iയെ കൊണ്ട് അന്വേഷിപ്പിക്കണം എന്നു ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത നിലമ്പൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 194/2014-ാം നമ്പർ കേസിൽ (1) ബി.കെ. ബിജു, S/o. കൃഷ്ണൻ നായർ, (2) ഷംസുദ്ദീൻ @ ബാപ്പുട്ടി, S/o. ഉമ്മർ എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളിലെ ഒന്നാം പ്രതി നിലമ്പൂർ ബ്ലോക്ക് കോൺഗ്രസ് ഓഫീസിലെ ഓഫീസ് സെക്രട്ടറി-യായിരുന്നു. കൊലചെയ്യപ്പെട്ട രാധയുടെ സഹോദരൻ ഭാസ്കരൻ, ടി കേസിൽ നീതിയുക്തമായ അന്വേഷണം ആവശ്യപ്പെട്ടു-കൊണ്ട് ബഹു: പ്രധാനമന്ത്രി, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് പരാതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം എ.ഡി.ജി.പി. ശ്രീമതി സന്ധ്യ ഐ.പി.എസ്.ന്റെ നേതൃത്വത്തിൽ നടത്തുകയും അന്വേഷണാനന്തരം രണ്ട് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും പ്രതികളെ ശിക്ഷിച്ചിട്ട-ുള്ളതുമാകയാൽ മറ്റൊരു അന്വേഷണം പരിഗണനയിലില്ല.

സി.ബി.ഐ.യ്ക്ക് കേസ് കൈമാറണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ